Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2020/1562 (2)

തീയതി : 07.01.2020

## സർക്കുലർ

വിഷയം :- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - ജില്ലാതല ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-1. സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.

2. ഈ ഓഫീസിലെ 13.02.2018-ലെ KITE/2018/1515-1(5), 17.02.2018-ലെ KITE/2018/1515-1 നമ്പർ സർക്കുലറുകൾ.

3. ഈ ഓഫീസിലെ 16.10.2018-ലെ KITE/2018/1562(37) നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ നടപ്പാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ 2019-20 വർഷത്തെ അംഗങ്ങൾക്കുള്ള ഉപജില്ലാ ക്യാമ്പുകൾ പൂർത്തീകരിച്ചു. ഉപജില്ലാ ക്യാമ്പുകളിൽനിന്ന് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് ജില്ലാ തല ക്യാമ്പ് നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഓരോ ഉപജില്ലയിൽ നിന്നും ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ഓൺലൈനിൽ (ലിറ്റിൽ കൈറ്റ്സിന്റെ വെബ് സൈറ്റിൽ) 2020 ജനുവരി 10 നകം രേഖപ്പെടുത്തേണ്ടതാണ്.
2. ജില്ലാ ക്യാമ്പ് 2020 ഫെബ്രുവരി 1, 2 തീയതികളിൽ സഹവാസ (Residential) രീതിയിൽ നടത്തേണ്ടതാണ്.
3. ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരുമായി ആലോചിച്ച് ജില്ലാതല സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്.
4. ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ 2020 ജനുവരി 18 ന മുൻപ് ഉപജില്ല അടിസ്ഥാനത്തിൽ വിളിച്ച് ചേർത്ത് ക്യാമ്പിന്റെ ഉള്ളടക്കം, രീതി എന്നിവ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.
5. ക്യാമ്പിന്റെ സമയം പരമാവധി കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതിനാൽ ഉദ്ഘാടന - സമാപന ചടങ്ങുകൾ ഒഴിവാക്കേണ്ടതാണ്.
6. ജനപ്രതിനിധികൾ, വിദ്യാഭ്യാസ ഓഫീസർമാർ, മാധ്യമപ്രവർത്തകർ മറ്റ് പ്രമുഖ വ്യക്തികൾ തുടങ്ങിയവരെ ക്യാമ്പ് സന്ദർശിക്കുന്നതിനായി ക്ഷണിക്കാവുന്നതാണ്. ഇവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്യാമ്പ് സന്ദർശക ഡയറിയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.
7. സുരക്ഷിതമായ താമസം, ഭക്ഷണലഭ്യത, സാനിറ്റേഷൻ സൗകര്യങ്ങളുള്ള വിദ്യാലയങ്ങൾക്ക് മുൻഗണന നൽകി ക്യാമ്പ് നടക്കുന്ന സ്ഥലം തീരുമാനിക്കേണ്ടതാണ്. കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കൈറ്റിന്റെ സ്റ്റേറ്റ് ഓഫീസിലേക്ക് 2020 ജനുവരി 18 നകം അറിയിക്കേണ്ടതാണ്.
8. ക്യാമ്പിൽ ലാപ്ടോപ്പ് ചാർജ് ചെയ്യാൻ സൗകര്യമുള്ള മുറികൾ 20-25 ക്യാമ്പ് അംഗങ്ങൾക്ക് ഒന്ന് എന്ന ക്രമത്തിൽ ഉണ്ടായിരിക്കണം. പ്രോഗ്രാമിംഗ് വിഭാഗത്തിലെ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി റാസ്ബറി പൈ കിറ്റ്, ഇലക്ട്രോണിക് ബ്രിക് കിറ്റ്, പൈ കണക്ടർ എന്നിവ ക്രമീകരിക്കേണ്ടതാണ്.

9. ക്യാമ്പിലെ റിസോഴ്സ് പേഴ്സൺമാർക്കുള്ള SRG പരിശീലനം സംസ്ഥാനതലത്തിൽ 2020 ജനുവരി 15 ന് എറണാകുളം ആർ.ആർ.സി.യിൽ വച്ച് നടത്തുന്നതാണ്. ജില്ലകളിൽ നിന്ന് ആനിമേഷൻ, പ്രോഗ്രാമിംഗ് മേഖലകളിൽ ഒരാൾ വീതം പങ്കെടുക്കേണ്ടതാണ്.

10. ജില്ലാക്യാമ്പിൽ പങ്കെടുക്കുന്ന 20-25 കുട്ടികൾക്ക് രണ്ടുപേർ എന്ന ക്രമത്തിൽ ആനിമേഷൻ, പ്രോഗ്രാമിംഗ് മേഖലകളിൽ താല്പര്യമുള്ള മാസ്റ്റർ ട്രെയിനർമാർ അല്ലെങ്കിൽ എസ്.ഐ.ടി.സി. മാരെ ആർ പി മാരായി കണ്ടെത്തേണ്ടതാണ്. മൊഡ്യൂൾ പരിചയപ്പെടുന്നതിനായി 2020 ജനുവരി 27 ന് ആർ പി മാരുടെ ഏകദിന ശില്പശാല ജില്ലാതലത്തിൽ നടത്തേണ്ടതാണ്.

11. ക്യാമ്പിൽ റിസോഴ്സ് പേഴ്സൺമാരെ കൂടാതെ 2 കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ സേവനം കൂടി ഉറപ്പാക്കേണ്ടതാണ്. ക്യാമ്പിൽ വനിതാ റിസോഴ്സ്പേഴ്സൺമാർ, കൈറ്റ് മിസ്ട്രസ്മാർ എന്നിവർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

12. റിസോഴ്സ്പേഴ്സൺമാർ, ക്യാമ്പിന്റെ ചുമതലയുള്ള മറ്റ് കൈറ്റ്മാസ്റ്റർ/മിസ്ട്രസ്മാർ, ക്യാമ്പിന്റെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർ എന്നിവരുടെ സാന്നിദ്ധ്യം ക്യാമ്പിൽ പൂർണ്ണ സമയം ഉറപ്പാക്കേണ്ടതാണ്.

13. ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് ഓഫീസിൽ നിന്ന് ലഭ്യമാക്കുന്ന മാതൃകയിൽ പങ്കാളിത്ത സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

14. ജില്ലാതല ക്യാമ്പ് പ്രവർത്തനങ്ങളുടെ മൊഡ്യൂളിനൊപ്പം നൽകിയിട്ടുള്ള വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പ്രകടനം വിലയിരുത്തേണ്ടതാണ്.

15. സ്കോർ ഷീറ്റ്, കുട്ടികൾ തയാറാക്കിയ പ്രോഗ്രാമുകൾ ഉൾപ്പടെയുള്ള ഉത്പന്നങ്ങൾ (ഉത്പന്നം ഡിവൈസുകളാണെങ്കിൽ അവയുടെ ഡിജിറ്റൽ ഫോട്ടോ) സൂക്ഷിക്കേണ്ടതാണ്.

16. തൽസമയവിലയിരുത്തലുകളുടെ സ്കോർ ഷീറ്റും എല്ലാ ഉത്പന്നങ്ങളും റിസോഴ്സ് പേഴ്സൺമാർ പൊതുവായി പരിശോധിച്ച് താരതമ്യം ചെയ്ത് മികച്ച പ്രവർത്തനം കാഴ്ചവെച്ച കുട്ടികളെ കണ്ടെത്തേണ്ടതാണ്.

17. അനിമേഷൻ, പ്രോഗ്രാമിങ് വിഭാഗങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടികളെ സംസ്ഥാനതലത്തിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്. (തിരഞ്ഞെടുക്കേണ്ട കുട്ടികളുടെ എണ്ണം - അനുബന്ധം കാണുക)

18. സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരം ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തേണ്ടതും ജില്ലാ കോ-ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 10.02.2020 നകം സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ

| 2019-20 വർഷം ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പിലേക്ക് തെരഞ്ഞെടുക്കേണ്ട കുട്ടികളുടെ എണ്ണം | | | |
|---|---|---|---|
| ക്രമനമ്പർ | ജില്ല | ആകെ അംഗങ്ങൾ | സംസ്ഥാന ക്യാമ്പിലേക്ക് തെരഞ്ഞെടുക്കേണ്ട എണ്ണം |
| 1 | ആലപ്പുഴ | 4327 | 10 |
| 2 | എറണാകുളം | 5269 | 10 |
| 3 | ഇടുക്കി | 2531 | 6 |
| 4 | കണ്ണൂർ | 4197 | 8 |
| 5 | കാസർഗോഡ് | 3166 | 6 |
| 6 | കൊല്ലം | 4978 | 10 |
| 7 | കോട്ടയം | 3574 | 8 |
| 8 | കോഴിക്കോട് | 5191 | 10 |
| 9 | മലപ്പുറം | 5547 | 12 |
| 10 | പാലക്കാട് | 4519 | 10 |
| 11 | പത്തനംതിട്ട | 2566 | 6 |
| 12 | തിരുവനന്തപുരം | 5147 | 10 |
| 13 | തൃശ്ശൂർ | 4577 | 10 |
| 14 | വയനാട് | 2183 | 6 |
| ആകെ | | **57772** | 122 |